പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1286 **30-06-2026-ൽ മറുപടിയ്ക്ക്**

സർവകലാശാലകളിൽ സംവരണ കൂടിശ്ശിക നികത്തുന്നതിന് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വിവിധ സർവകലാശാലകളിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ (2016-17 മുതൽ 2025-26 വരെ) നടത്തിയ സ്ഥിര അധ്യാപക നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ബാക്ക്ലോഗ് ഒഴിവുകൾ നികത്താതെ നിയമനം നടത്തിയ സംഭവങ്ങൾ ഏതെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

മറുപടി: കേരള, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല എന്നിവയുടെ ബാക്ക് ലോഗ് ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

എം.ജി., കാലിക്കറ്റ്, കണ്ണൂർ, ശ്രീ ശങ്കരാചാര്യ സംസ്കൃത, നുവാൽസ്, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര, ശ്രീനാരായണഗുരു ഓപ്പൺ എന്നീ സർവകലാശാലകളിൽ അർഹതപ്പെട്ട ബാക്ക്ലോഗ് തസ്തികകൾ നികത്താതെ ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) ഓരോ സർവകലാശാലയിലും സംവരണ വിഭാഗം തിരിച്ച് നികത്താത്ത ബാക്ക്ലോഗ് ഒഴിവുകളുടെ എണ്ണം എത്രയാണ്; വിശദാംശങ്ങൾ നൽകുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) സംവരണ കൂടിശ്ശിക നികത്താതെ പൊതുവിഭാഗ നിയമനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട സർവകലാശാലകൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിട്ടുണ്ടോ; അത്തരം അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഏത് സർവകലാശാലയ്ക്ക്, ഏത് കാരണം ചൂണ്ടിക്കാട്ടി, ഏത് തസ്തികകൾക്ക് അനുമതി നൽകി എന്ന വിശദ വിവരം നൽകാമോ;

മറുപടി: ഇല്ല. കാലിക്കറ്റ് സർവകലാശാല - ബാക് ലോഗ് നികത്താനായി കാലിക്കറ്റ് സർവകലാശാല 2015 ൽ വിജ്ഞാപനം ഇറക്കുകയും പ്രസ്തുത വിജ്ഞാപനം. W.P. (C) Nos 9785 of 2015-W, 17 961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03rd day of February 2016 ഹൈക്കോടതി വിധി പ്രകാരം റദ്ദ് ചെയ്യപ്പെടുകയും പുതിയ വിജ്ഞാപനം ഇറക്കാൻ കോടതി സർവകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തു. ഇതേ തുടർന്ന് 31.12.2019 തിയ്യതിയിൽ പുതിയ വിജ്ഞാപനം ഇറക്കുകയും നിയമനം നടത്തുകയും ചെയ്തു.

(ഡി) നിലവിലുള്ള സംവരണ നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രകാരം സംവരണ കൂടിശ്ശിക പൂർണ്ണമായും നികത്തുന്നതിന് മുൻപ് പൊതുവിഭാഗ നിയമനങ്ങൾ നടത്തുന്നത് അനുവദനീയമല്ല

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ 9785 of 2015-W, 17961 of 2015-U, 18659 of 2015 - F and 18797 of 2015-Y dated 03.02.2016 നമ്പർ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആണ് കാലിക്കറ്റ് സർവ്വകലാശാല അധ്യാപക നിയമനം നടത്തിയത്.

(ഇ) സംവരണ കുടിശ്ശിക പൂർണ്ണമായും നികത്തുന്നതിന് ഓരോ സർവകലാശാലയ്ക്കും ഒരു കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോ?

മറുപടി: ഇല്ല. പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർവകലാശാല

ASSISTANT PROFESSOR		
Sl. No.	Name of the Department	Reservation Turn
1.	Department of German	LC/AI
2.	Department of Aquatic Biology & Fisheries	M
3.	Department of Library & Information Science	Out of turn-Hearing Impaired

ASSOCIATE PROFESSOR		
Sl. No.	**Department**	**Reservation Turn**
1.	Department of Tamil	Out of Turn – Blindness/Low Vision
2.	Department of Statistics	E/B/T
3.	Department of Linguistics	SC
4.	Department of Psychology	OBC
5.	Department of Demography	SC
6.	Department of Physics	E/B/T
7.	Department of Aquatic Biology & Fisheries	M
8.	Department of Mathematics	E/B/T
9.	Department of Computer Science	V
10.	Department of Environmental Science	LC/AI
11.	Department of Zoology	SC
12	Department of Aquatic Biology & Fisheries	E/B/T
13.	Department of Communication & Journalism	SC
14.	Department of History	Out of turn – Hearing Imparied

PROFESSOR

Sl. No.	Department	Reservation Turn
1.	Department of Tamil	Out of turn – Blindness/ Low vision
2.	Department of Linguistics	E/B/T
3.	Department of Economics	SC
4.	Department of Zoology	M
5.	Department of Mathematics	LC/AI
6.	Department of Communication & Journalism	OBC
7.	Department of Chemistry	SC
8.	Department of Islamic Studies	M
9.	Department of Aquatic Biology & Fisheries	E/B/T
10.	Department of Archaeology	V
11.	Department of Demography	LC/AI
12.	Department of Library & Information Science	SC
13.	Department of Law	M
14.	Department of Sanskrit	E/B/T
15.	Department of Biochemistry	M

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

സ്കൂൾ	തസ്തിക	ബാക്ക്ലോഗ് ഒഴിവുകളുടെ കണക്ക്
മാധ്യമ പഠനസ്കൂൾ	പ്രൊഫസർ	SC – 1
മാധ്യമ പഠനസ്കൂൾ	അസോസിയേറ്റ് പ്രൊഫസർ	SC–1
ചരിത്ര പഠനസ്കൂൾ		LC/A–1
പരിസ്ഥിതി പഠനസ്കൂൾ		OBC – 1

കൊച്ചി ശാസ്ത്ര–സാങ്കേതിക സർവകലാശാല

ക്രമനം	സംവരണം	തസ്തിക
1	എസ് .സി/ എസ്.ടി	15
2	ധീവര	1
3	പി.ഡബ്ല്യു.ഡി	4
4	എസ്.സി.സി.സി	2
5	മുസ്ലീം	10
6	ഈഴവ	13
7	ഒ.ബി.സി	4
8	എൽ.സി/എ.ഐ	3
9	എസ്.ഐ.യു.സി നാടാർ	1
10	വിശ്വകർമ്മ	3
11	ഹിന്ദു നാടാർ	4